(ബി) ഒഴിവുള്ള തസ്തികയിൽ നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലെങ്കിൽ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ ലഭിച്ചാലുടനെ നിയമനം നൽകുന്നതാണ്. മൂന്നാം ഗ്രേഡ് ഓവർസീയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കാൻ ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പുകളിൽ ഒഴിവുകൾ

243 (3245) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പുകളിൽ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ നിലവിൽ നികത്തപ്പെടാത്ത എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം

244 (3246) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വൃദ്ധ സദനങ്ങളടക്കമുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിശ്ചിത കാലാവധിക്കുള്ളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ ;

(സി) ആയതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളുടേയും നവീകരണത്തിനായി സ്ഥാപനങ്ങളെ നാല് ഗണത്തിൽപ്പെടുത്തി ഓരോന്നിനും പ്രത്യേകം ടാസ്ക്ക് ഫോഴ്സിനെ രൂപീകരിച്ചിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പരിശോധിക്കുക, സ്ഥാപനത്തിലെ സേവനം മെച്ചപ്പെടുത്തൽ, കെട്ടിട നവീകരണം തുടങ്ങി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിയോഗിച്ച ടാസ്ക് ഫോഴ്സ്, സ്ഥാപനങ്ങളുടെ നവീകരണത്തിനും അധിക ജീവനക്കാരെ നിയമിക്കുന്നതിനുമായുള്ള റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ടി സ്ഥാപനങ്ങൾ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതിനാൽ സ്ഥാപന പരിശോധനക്കായി കളക്ടർമാരെ ചുമതലപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(സി) ടി സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വകുപ്പിന്റെ സംഘടനാ സംവിധാനം നിലവിലുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

245 (3247) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ ആശ്വാസ കിരണം പദ്ധതി പ്രകാരം ഇതുവരെ എത്രപേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പു കൽപ്പിക്കപ്പെടാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്ര എണ്ണമുണ്ട് എന്നതിനെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായം നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly